# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3247

13.10.2011- ൽ മറുപടിക്ക്

## ഭൂമിയില്ലാത്തവർക്ക് ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി: | | ശ്രീ. കെ. എം. മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും സ്വന്തമായി വീട് ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ് എന്ന് വിശദമാക്കുമോ; | (എ) | ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള സുരക്ഷാ ഭവന പദ്ധതി, ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ദേശീയ മത്സ്യതൊഴിലാളി ഭവന പദ്ധതി, പട്ടിക ജാതി - പട്ടിക വർഗ്ഗ വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന ഭവന പദ്ധതി, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിലുള്ള ആശ്രയ ഭവന പദ്ധതി, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം, എം. എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി, ഇ. എം. എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്ദിര ആവാസ് യോജന, ബി. എസ്. യു. പി, ഐ. എച്ച്. എസ്. ഡി. പി, റവന്യൂ വകുപ്പിന്റെ കീഴിൽ നടപ്പാക്കി വരുന്ന സുനാമി ഭവന പദ്ധതി മുതലായ വയാണ് കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും സ്വന്തമായി വീട് ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി നടപ്പാക്കി വരുന്ന ഭവന പദ്ധതികൾ. |
| (ബി) | സ്വന്തമായി ഭൂമി ഇല്ലാത്തവർക്കും വീട് ലഭിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടിക ജാതി - പട്ടിക വർഗ്ഗ വകുപ്പുകൾക്കു കീഴിലുള്ള ഭവന പദ്ധതികൾ, ഇ. എം. എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്നിവയാണ്. |
| (സി) | ഭൂമിയില്ലാത്തതിനാൽ പല കേന്ദ്ര പദ്ധതികൾ പ്രകാരമുള്ള പാർപ്പിട പദ്ധതികൾ നടപ്പാക്കുന്നതിന് തടസ്സമാകുന്നുണ്ടോ; | (സി) | തടസ്സമാകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എത്ര കുടുംബങ്ങൾക്ക് സ്വന്ത മായി വീടില്ല; | (ഡി) | ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 4,68,214 ഭവന രഹിതർ ഉണ്ട്. |
| (ഇ) | ഓരോ കുടുംബത്തിനും ഓ രോ വീട് എന്ന ലക്ഷ്യം എത്ര വർഷം കൊണ്ട് നടപ്പാക്കാൻ കഴിയുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്ത മാക്കുമോ? | (ഇ) | 12–ാം പഞ്ചവൽസര പദ്ധതി കാലയള വിനുള്ളിൽ ഓരോ കുടുംബത്തിനും ഓരോ വീട് എന്ന ലക്ഷ്യം നടപ്പാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കു ന്നു. |

സെക്ഷൻ ഓഫീസർ